LIBRARY ARCHIVES Kerala Legislative Assembly

ചേരാനുള്ള പ്രശ്നങ്ങൾകാരണം ജൂലൈ 31-നുമുമ്പ് ബഡ്ജറ്റ് പാസ്സാക്കാൻ കഴിഞ്ഞില്ലെങ്കിൽ ആഗസ്റ്റ് 1 മുതൽ ഭരണപരമായ പ്രശ്നങ്ങൾ നേരിടേണ്ടിവരും. അതേസമയം നേരത്തെ ഇത് പാസ്സാക്കാൻ കഴിഞ്ഞാൽ അതോടൊടി ഇപ്പോൾ ഈ പാസ്സാക്കുന്ന വോട്ട് ഓൺ അക്കൗണ്ടിന്റെ പ്രസക്തി നഷ്ടപ്പെട്ട് ജൂലൈ 31-നുമുമ്പ് നമ്മൾ പാസ്സാക്കുന്ന ബഡ്ജറ്റാകും നിലവിൽ വരിക. അതുകൊണ്ട് ഈ ആവശ്യകതകൾകൂടി കണ്ടുകൊണ്ടാണ് വോട്ട് ഓൺ അക്കൗണ്ട് ഒക്ടോബർവരെ നീട്ടിയത്. സബ്ജക്ട് കമ്മിറ്റികളുടെകൂടി ചർച്ചയുടെ അടിസ്ഥാനത്തിൽ ജൂലൈ 31-നുമുമ്പുതന്നെ ബഡ്ജറ്റ് പാസ്സാക്കുന്നതായിരിക്കും.

(3) ധനകാര്യ ബില്ലിന്റെ അവതരണം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഡ്ജറ്റ് പ്രസംഗത്തിലെ 112-ാമത്തെ പാരഗ്രാഫിൽ 'നികുതി' എന്ന ശീർഷകത്തിൽ പറയുന്നത് 'കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പുതിയ നികുതി നിർദ്ദേശങ്ങൾ പ്രഖ്യാപിക്കുന്നില്ല' എന്നാണ്. ബഡ്ജറ്റിലെ നിർദ്ദേശങ്ങളെല്ലാം നടപ്പിലാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പുതിയ നികുതി നിർദ്ദേശങ്ങൾ ഇല്ലാത്തതിനാലും ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ വർഷത്തെ ആദ്യ ബഡ്ജറ്റ് നിർദ്ദേശങ്ങൾ എല്ലാംതന്നെ നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ പ്രഖ്യാപിച്ചിട്ടുള്ളതിനാലും ഇന്നത്തെ കാര്യവിവരപ്പട്ടികയിൽപ്പെടുത്തിയിട്ടുള്ള നിയമസഭാ ചട്ടം 151(a) Clause 1 പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം ക്രമവിരുദ്ധമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ ഇത് ഇപ്പോഴാണോ ധനകാര്യ ബിൽ എടുക്കുന്ന സമയത്താണോ വിശദീകരിക്കേണ്ടത്? ഇപ്പോൾ നമ്മൾ വോട്ട് ഓൺ അക്കൗണ്ടാണ് എടുക്കുന്നത്, രണ്ടാമതായാണ് ബിൽ വരുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗത്തിന് ക്രമപ്രശ്നം ഇപ്പോൾ അവതരിപ്പിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ബില്ലിന്റെ ചർച്ചയുടെ സമയത്ത് വിശദീകരണം നൽകിയാൽ മതിയാകും. റൂളിംഗ് അപ്പോൾ നൽകാം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ടിലെ സെക്ഷൻ 3 പ്രകാരമുള്ള ഒരു ഡിക്ലറേഷൻ ഉൾപ്പെടുത്തി നിയമസഭയിൽ അവതരിപ്പിക്കുന്ന ധനകാര്യ ബില്ലിലെ വ്യവസ്ഥകൾക്ക് സെക്ഷൻ 4 പ്രകാരം അത് അവതരിപ്പിക്കുന്ന തീയതി മുതൽ, അഥവാ ഏപ്രിൽ 1 മുതൽ 180 ദിവസത്തെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. നേരത്തെ അത്

120 ദിവസമേ ഉണ്ടായിരുന്നുള്ളൂ. കഴിഞ്ഞ ഗവൺമെന്റ് ഒരു ഓർഡിനൻസ് കൊണ്ടു വന്നാണ് അത് 180 ദിവസമാക്കിയത്. അതനുസരിച്ച് മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഈ വർഷം ജനുവരി 22-ന് സഭയിൽ അവതരിപ്പിച്ച 2021-ലെ ധനകാര്യ ബില്ലിലെ നികുതി, സെസ്സ് വരുമാനം സമാഹരിക്കൽ എന്നീ വ്യവസ്ഥകൾക്ക് 180 ദിവസത്തെ അതായത് ഈ വർഷം സെപ്റ്റംബർ 30 വരെ പ്രാബല്യമുണ്ട്. അതുപ്രകാരം ഈ വ്യവസ്ഥകൾക്ക് മൂന്നര മാസം കൂടി പ്രാബല്യമുണ്ട്. 2021-ലെ ബഡ്ജറ്റ് ധനാഭ്യർത്ഥന ചർച്ച ഈ വരുന്ന മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിക്കാം, അത് നേരത്തെ ഇവിടെ പറഞ്ഞ കാര്യമാണ്. ഈ സാഹചര്യത്തിൽ 2021-ലെ ധനകാര്യ ബില്ലിന്റെ ഈ വർഷത്തെ രണ്ടാം അവതരണം ഒഴിവാക്കേണ്ടതാണ്.

ധനകാര്യ ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ട് മറ്റൊരു പ്രശ്നം, പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 113-ലെ പരാമർശമാണ്. 'പതിനാലാം കേരള നിയമസഭയുടെ കാലാവധി കഴിഞ്ഞപ്പോൾ 2021-ലെ ധനകാര്യ ബില്ലിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടു. ടി ബില്ലിലെ എല്ലാ ഖണ്ഡങ്ങളും പുനഃസ്ഥാപിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു' എന്നതാണത്. 'വ്യവസ്ഥകൾ കാലഹരണപ്പെട്ടു' എന്നാണ് അങ്ങ് പറഞ്ഞിട്ടുള്ളത്. കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ട് 1985 പ്രകാരം വ്യവസ്ഥകൾ കാലഹരണപ്പെടില്ല. എന്നാൽ 'വ്യവസ്ഥകൾ കാലഹരണപ്പെടുന്നു' എന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിലെ പ്രസ്താവന ആശയക്കുഴപ്പം സൃഷ്ടിക്കുന്നതാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ ഈ പ്രസ്താവന അംഗീകരിക്കുന്നപക്ഷം പതിനാലാം കേരള നിയമസഭ പിരിച്ചുവിട്ട 3-5-2021 മുതൽ 9-6-2021 വരെ അതായത് ഇന്നലെ വരെയുള്ള 38 ദിവസങ്ങളിൽ ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച മുൻബഡ്ജറ്റിലെ നികുതി, ധനപരമായ നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള എല്ലാ നിർദ്ദേശങ്ങൾക്കും പ്രാബല്യം ഇല്ലാതായിരിക്കുന്നു എന്നും ഈ കാലയളവിൽ നികുതി പിരിവ് മരവിക്കപ്പെട്ടു എന്നും കണക്കാക്കേണ്ടിവരും. അങ്ങയുടെ വാദം അംഗീകരിക്കാം. എന്നാൽ 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ടിലെ വ്യവസ്ഥകളുടെ പശ്ചാത്തലത്തിൽ 2021 ജനുവരി 22-ന് സഭയിൽ അവതരിപ്പിച്ച 2021-ലെ കേരള ധനകാര്യ ബില്ലിലെ നികുതി, ധനപരമായ മറ്റ് നിർദ്ദേശങ്ങൾ എന്നിവ അടങ്ങുന്ന വ്യവസ്ഥകൾക്ക് ബില്ലിൽ ഒരു ഡിക്ലറേഷൻ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ 2021 ഏപ്രിൽ 1 മുതൽ 180 ദിവസത്തെ പ്രാബല്യമുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ നിയമപരമായി പിശക് വന്നിട്ടുള്ള ഖണ്ഡിക 113-ലെ ഒന്നാം ഭാഗം നീക്കം ചെയ്യേണ്ടതാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞാൽ മതിയാകും. അതിനുശേഷം റൂളിംഗ് നൽകുന്നതാണ്.

(4) നിയമസഭാ ചോദ്യത്തിനുള്ള മറുപടി സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചത് സംബന്ധിച്ച്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 303 പ്രകാരം താഴെപ്പറയുന്ന ക്രമപ്രശ്നം ഞാൻ ഉന്നയിക്കുകയാണ്.

നിയമസഭയിലെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 47(3) പ്രകാരം 'മന്ത്രിമാർ ചോദ്യങ്ങൾക്ക് സഭയിൽ നൽകുവാനുദ്ദേശിക്കുന്ന മറുപടികൾ യഥാർത്ഥത്തിൽ സഭാതലത്തിൽ നൽകിക്കഴിയുന്നതുവരെയോ മേശപ്പുറത്ത് വയ്ക്കുന്നതുവരെയോ പ്രസിദ്ധീകരണത്തിന് നൽകാൻ പാടില്ലാത്തതാകുന്നു' എന്നാണ് വ്യവസ്ഥ. പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ 7-6-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ച 99-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം, 'മദ്രസ്സ അദ്ധ്യാപകർക്ക് പൊതുഖജനാവിൽനിന്നും ശമ്പളവും അലവൻസുകളും നൽകുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ഇത്തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നതിനെതിരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചു' എന്നത് സംബന്ധിച്ച് ഞാനും അംഗങ്ങളായ സർവ്വശ്രീ പി. കെ. ബഷീർ, എൻ. ഷംസുദ്ദീൻ, കെ. പി. എ. മജീദ് എന്നിവരും ചോദ്യം ഉന്നയിച്ചിരുന്നു. ഇതിന്റെ മറുപടി ഞാൻ ഈ നോട്ടീസ് നൽകിയതിനുശേഷം നിയമസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. എന്നാൽ ഉത്തരം ലഭിക്കേണ്ട 7-6-2021-നുമുൻപുതന്നെ ഇതിന്റെ ഉത്തരം ബന്ധപ്പെട്ടവർ തയ്യാറാക്കിയത് സമൂഹമാധ്യമങ്ങളിലുൾപ്പെടെ പ്രചരിച്ചിരുന്നു. ഇതുസംബന്ധിച്ച പത്രവാർത്തകളും കഴിഞ്ഞ ദിവസം റിപ്പോർട്ട് ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ നിയമസഭയിൽ ചോദിച്ച ചോദ്യത്തിന് സഭാതലത്തിൽ മറുപടി നൽകാതെ അതിനുമുൻപ് മറ്റ് മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കാൻ ഇടയായത് ചട്ടം 47(3)-ന്റെ ലംഘനമാണ്. ഇത് സഭയോടുള്ള അനാദരവും എക്സിക്യൂട്ടീവിന് നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റിയുടെ ലംഘനവുമാണ്. ഇത് ആശാസ്യകരമല്ല. ആയതിനാൽ നിയമസഭയ്ക്ക് മുൻപാകെ മറുപടി ലഭ്യമാക്കുന്നതിനുമുൻപ് മറ്റ് മാധ്യമങ്ങളിൽ ഇത്തരത്തിൽ പ്രസിദ്ധീകരിക്കാൻ ഇടയായതിനെതിരെ റൂളിംഗ് നൽകുവാൻ താൽപ്പര്യപ്പെടുന്നു.